മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: നിയമപരിജ്ഞാനമുള്ളവരാണെങ്കിൽ അതു കുറെ കൂടി നന്നായിരിക്കുമെന്നു ഗവൺമെൻറിനറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു നല്ലതാണു്. പക്ഷെ അതില്ലാത്ത ബി. എ. ക്കാരും മറ്റും വളരെ ഭംഗിയായിട്ടു നടത്തുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മേലാലെങ്കിലും നിയമപരിജ്ഞാനമുള്ളവരെ ആ സ്ഥാനത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: മേലാൽ ആളെ വെക്കേണ്ട ആവശ്യം വരുമ്പോൾ ആലോചിക്കേണ്ട കാര്യമാണതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: കമ്പനീസ് നിയമങ്ങൾ നോക്കുവാൻ പ്രത്യേകിച്ചു നിയമമറിയാവുന്ന ഉദ്യോഗസ്ഥൻ സപ്ലൈണ്ടിൻെറ കീഴിലുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: പ്രത്യേകിച്ചു അസിസ്റ്റാണ്ടു് രജിസ്ട്രാരുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അസിസ്റ്റാണ്ടു് രജിസ്ട്രാരുടെ പാസ്സ്തെന്താണു്?

മിസ്റ്റർ കെ. എസ്സ് രാഘവൻ: മെട്രിക്കുലേറ്റാണു്. കമ്പനി നിയമത്തിൽ വളരെ പരിചയമുള്ള ആളാണു്. കാര്യങ്ങളെല്ലാം വളരെ ഭംഗിയായിട്ടു നടക്കുന്നുമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ ശരിയായി നടക്കുന്നുണ്ടാകും. കുറിബ്രിൽ കമ്പനിസ് ആക്ടു് മുതലായതു പ്രകാരം പലതും പ്രവൃത്തിക്കുവാനുള്ളതുകൊണ്ടു് ആ സ്ഥാനത്തു ഒരു ലാഗ്രാഡുവേറ്റുണ്ടായാൽ കൂടുതൽ ഗുണമുണ്ടാകുമെന്നു അറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു് ആളുടെ ഗുണമനുസരിച്ചിരിക്കും.

മിസ്റ്റർ സി. ജെ. ചിറയത്തു്: എക്സ്പീരിയൻസു് നോക്കി കൊടുക്കയാണെങ്കിൽ, എല്ലാഡിപ്പാർട്ടുമെൻറിലും എല്ലാ ഉദ്യോഗങ്ങളും കമ്പിറ്റീഷൻ നോക്കാതെ സർവ്വീസ് പരിചയമുള്ളവർക്കു് കൊടുത്താൽ പോരെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനു ജനറലായിട്ടു ഒരു മറുപടി പറയാൻ തരമില്ല. ഓരോ ജോലിയും പ്രത്യേകം എടുത്തു പറഞ്ഞാൽ മറുപടി പറയാം.

മിസ്റ്റർ സി. ജെ. ചിറയത്തു്: രജിസ്ട്രേഷൻ സപ്ലൈണ്ടിൻെറ ഉദ്യോഗം വളരെ ഉത്തരവാദിത്വമുള്ളതാണു്. അതിനു ആവശ്യമായ പരീക്ഷ വേണ്ടെന്നു പറയുന്നു. അപ്പോൾ മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും അങ്ങിനെ ചെയ്താൽ പോരെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഈ അസിസ്റ്റാണ്ടു് രജിസ്ട്രാർ ഗ്രാഡ്വേറ്റ് അല്ലെങ്കിലും നിയമത്തിൽ നല്ല പരിചയമുണ്ടു്. ജോലിയും ഭംഗിയായി ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ സ്ഥാനത്തു് ബി. എൽ. പാസ്സായ എക്സ്പീരിയൻസുള്ള ഒരാളെ വെക്കുന്നതിനു വിരോധമുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വിരോധമുണ്ടാവില്ല. മേലാൽ വെക്കുമ്പോൾ ആലോചിക്കേണ്ട സംഗതിയാണിതു്.

SOLDIERS LITIGATION ACTS

൭ ൪. മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

യുദ്ധസേവനങ്ങളിൽ പോയിട്ടുള്ളവർ പ്രതികളായ കേസ്സുകളുടെ വിചാരണ നിറുത്തിവെക്കുന്ന നിയമം വളരെ അന്യായമായി പരിണമിച്ചിട്ടുണ്ടെന്നു ഗവൺമെണ്ടു ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്പട്ടർ: ഈ നിയമംകൊണ്ടു അനീതി സംഭവിക്കുന്നുണ്ടെന്നു വിചാരിപ്പാൻ ഗവൺമെണ്ടു് കാരണം കാണുന്നില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: നീതികിട്ടാനാണു് ധൃവഹാരം കൊടുക്കുന്നതു്. നീതി ആവശ്യപ്പെട്ടാൽ അതു കിട്ടാതിരിക്കുന്നതു് ഒരനീതിയല്ലേ?

മിസ്റ്റർ എ. മാധവപ്പട്ടർ: ആളിവിടെയില്ലാത്ത സമയത്തു് അയാളുടെ മേൽ നടപടിയെടുക്കുന്നതുതന്നെ അനീതിയാണു്.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഇപ്പോൾ എത്ര വ്യവഹാരം ഇങ്ങിനെ നിത്തിവെച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. മാധവപ്രഭു: നോട്ടീസ് വേണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: വസ്തുക്കളുടെ പാട്ടവും മറ്റും കിട്ടാൻ വ്യവഹാരം കൊടുത്താൽ അവർ പട്ടാളത്തിൽ പോയിരിക്കയാണെങ്കിൽ മടങ്ങി വന്നിട്ട് കൊടുത്താൽ മതിയെന്ന പറഞ്ഞാൽ പിന്നെ നികുതി കൊടുക്കാനും മറ്റും ഉത്തരവാദിയാരാണെന്ന പറയാമോ?

മിസ്റ്റർ എ. മാധവപ്രഭു: കോടതിയുടെ യുക്തംപോലെ ചെയ്യുവാനുള്ള അധികാരം ചില സന്ദർഭങ്ങളിൽ കോടതിക്കുണ്ട്.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: നികുതി നിറുത്തിവെക്കുവാൻ കോടതിക്ക് അധികാരം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: ഈ ചോദ്യത്തിനു സമാധാനം ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ആളില്ലാത്തതുകൊണ്ട് അവരുടെ മേൽ നീതി നടത്തുന്നതു ന്യായീകരിയാണെന്നു പറഞ്ഞുവല്ലോ. എന്നാൽ നികുതി കൊടുക്കുവാനുള്ള തുകകളും ഇവിടെ നിന്ന് പട്ടാളത്തിൽ പോയിട്ടുണ്ടെങ്കിൽ അവരുടെ മേലുള്ള കേസ്സുകളും നിറുത്തിവെക്കുമോ?

മിസ്റ്റർ എം. ശിവരാമമേനോൻ: സാധാരണ ചില തുകകൾ നികുതി കൊടുക്കാതെ അനുസ്ഥലത്തുപോയിരിക്കാറുണ്ട്. അവരുടെ മേൽ കേസ്സ് എഴുതിനേയും എടുക്കാം. എന്നാൽ ഇത് അങ്ങിനെയല്ല. ഇവർ രാജ്യസംരക്ഷണത്തിനുവേണ്ടി യുദ്ധത്തിനു പോയിട്ടുള്ളവരാണ്. അതുകൊണ്ട് അവർക്ക് ഇതുകൂടി ചെയ്യാതെ നിവൃത്തിയില്ല.

റാവുസാഹിബ് കെ. അയ്യപ്പൻ: പട്ടാളക്കാർ അവരുടെ ജോലി ശരിക്കു ചെയ്യാതിരുന്നു ശത്രുക്കൾവന്നു രാജ്യം തുരുമിച്ചാൽ പിന്നെ പാട്ടം കിട്ടുമോ?

CHILLIES

൭൫. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെന്റ് ദയവു മറുപടി പറയുമോ.—

(എ) കുപ്പൽമുളക് കൊച്ചിക്കു വരിച്ചിട്ടുള്ളതു് എത്രയാണു്;

(ബി) കുപ്പൽമുളക് കൊണ്ടുവന്ന കച്ചവടം ചെയ്യുവാൻ എത്രപേർക്കാണു് പെർമിറ്റ് നൽകിയിട്ടുള്ളതു്; ഇവർ ഓരോരുത്തരും ഈ വ്യാപാരത്തിൽ എത്ര പഴക്കമുള്ളവരാണു്;

(സി) എറണാകുളത്തു കുപ്പൽമുളക് കൊണ്ടുവന്നു വില്ക്കുവാൻ എത്രപേർക്കാണു് പെർമിറ്റ് കൊടുത്തിട്ടുള്ളതു്;

(ഡി) ഇവരെല്ലാം തന്നെ ഈ കച്ചവടം ചെയ്തിരുന്നവരാണോ;

(ഇ) എറണാകുളത്തു പെർമിറ്റുള്ളവർ ഈ കുപ്പൽമുളക് എറണാകുളത്തുതന്നെയാണു് വില്ക്കുന്നതെന്നു അന്വേഷിക്കാറുണ്ടോ;

(എഫ്) എറണാകുളത്തു പെർമിറ്റ് നൽകിട്ടുള്ളവർക്ക് എപ്പോഴെങ്കിലും തൃശ്ശിവപേരൂർക്ക് കുപ്പൽമുളക് അയച്ചു വില്പന നടത്തുവാൻ അനുവാദം നൽകിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ:

(എ) ൨൦൦ടൺ (ഇരുനൂറ്റമ്പത്തു്).

(ബി) ഇതോടു ചേർത്തിട്ടുള്ള ലിസ്റ്റ് നോക്കുക.

എറണാകുളം

൧. പി. കെ. വല്ലിസ്സ് & സൺസ്
൨. എ. ബി. മുഹമ്മദ്
൩. എസ്സ്. പി. എ. & എ. ആർ. സി. ചെട്ടിയാർ
൪. എൻ ദാമോദരപ്രഭു
൫. കെ. ആർ. ജോസഫ് & ബ്രദർ
൬. ബിം ട്രോഡിങ്ങ്, ഇടപ്പള്ളിത്തുറ

തൃശ്ശിവപേരൂർ

൧. മാണി & കൊ
൨. സി. എ. ജോസഫ് & വി. ജെ. പോൾ

LIBRARY ARCHIVES Kerala Legislative Assembly